(ബി) ഇവിടെയും അതുപോലുള്ള ധനസഹായം വല്ലതും ചെയ്യ വ്യവസായത്തെയും തൊഴിലാളികളേയും അഭിവൃദ്ധിപ്പെടുത്തുവാൻ ഗവൺമെണ്ടുദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: അങ്ങനെ ധനസഹായം ചെയ്യുന്നുണ്ടെന്നുള്ള വിവരം അറിവില്ലെന്നാണോ അതോ ഇല്ലെന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ലെന്നാണ് പറഞ്ഞത്.

LICENSE FOR FIREARMS

***904.** [42] **Sri. N. P. Varghese:** Will the Hon'ble the Chief Minister be pleased to state.—

(*a*) the number of licensees possessing native gun in the Kottayam District in 1125; and

(*b*) how many licenses were cancelled?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കണക്കില്ല.

(ബി) ലൈസൻസ് ക്യാൻസൽ ചെയ്തിട്ടില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ ലൈസൻസിനപേക്ഷിച്ചാൽ കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചുള്ള ചട്ടങ്ങൾ നിറവേറ്റുന്നപക്ഷം ലൈസൻസ് കൊടുക്കുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: വനത്തിൽ നടക്കുന്ന കൃഷിയുടെ സംരക്ഷണത്തിനു തോക്കുകൾ വളരെ അത്യാവശ്യമാണെന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

REMUNERATION FOR PREPARING VOTERS LIST

***905.** [43] **Sri. N. P. Varghese:** Will the Hon'ble the Chief Minister be pleased to state.—

(*a*) have the Primary and Middle school teachers been employed in the preparation of the voters list for the general election; and

(*b*) were they paid any remuneration for the work?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Remuneration at the rate of 2 annas per house enumerated has been sanctioned to them.

ശ്രീ. എൻ. പി. വർഗ്ഗീസ്: ആ റമ്യൂണറേഷൻ ഇതുവരെ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാങ്ക്ഷൻ ചെയ്തിട്ടുണ്ട്. എല്ലാം വാങ്ങിച്ചുകഴിഞ്ഞോ എന്നറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly